"ഭരണഭാഷ-മാതൃഭാഷ"

**സബ്മിഷൻ**

ഡയറക്ടർ ജനറലിന്റെ കാര്യാലയം,
ഫയർ ആന്റ് റെസ്ക്യു സർവ്വീസസ്
ഹോം ഗാർഡ്സ് & സിവിൽ ഡിഫൻസ് ആസ്ഥാനം,
ഫയർഫോഴ്സ് ജംഗ്ഷൻ,
തിരുവനന്തപുരം-1.
Phone:0471-2320872.
Email-hq.frs@kerala.gov.in

നമ്പർ:എഫ്.3-7039/2021.

തീയതി : 19.07.2021.

പ്രേഷകൻ,
ഡയറക്ടർ ജനറൽ,
ഫയർ ആന്റ് റെസ്ക്യു സർവ്വീസസ്.

സ്വീകർത്താവ്,
അഡീഷണൽ ചീഫ് സെക്രട്ടറി,
ആഭ്യന്തരം (എഫ്) വകുപ്പ്,
കേരള സർക്കാർ,
തിരുവനന്തപുരം.

സർ,

വിഷയം: കേരള ഫയർ ആന്റ് റെസ്ക്യു സർവ്വീസസ് ആസ്ഥാനം - ഹോംഗാർഡുകളുടെ വിവിധ ആവശ്യങ്ങൾ - സബ്മിഷന് മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :

............

ഹോംഗാർഡുകളുടെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട സബ്മിഷന് മറുപടി ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

1) <u>സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിയ്ക്കുന്നത്.</u>

ഹോംഗാർഡുകളുടെ ദിവസവേതനം 780/-രൂപ ആയി 01.02.2021 മുതൽ പരിഷ്കരിച്ച്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (സർക്കാർ ഉത്തരവ് (പി) നം.29/ 2021/ധന., തീയതി : 11.02.2021) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ടി ഉത്തരവിന് അനുസൃതമായി ഹോംഗാർഡുകളുടെ പ്രതിമാസം നൽകാവുന്ന പരമാവധി വേതനം 21,840/-രൂപ(28 ദിവസം) ആയി സർക്കാർ ഉത്തരവ് (പി) നം.119/2019/ധന., തീയതി: 30.08.2019-ലെ നിബന്ധനകൾക്ക് വിധേയമായി ഡയറക്ടർ ജനറൽ എഫ്3-6310/18, തീയതി : 25.02.2021 പ്രകാരം തിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

2) <u>അപകടങ്ങൾ, മരണങ്ങൾ എന്നിവ സേവന കാലയളവിൽ സംഭവിക്കുമ്പോൾ സാമ്പത്തിക പരിരക്ഷ നൽകുക.</u>

രക്ഷാ പ്രവർത്തനത്തിനിടെ സംഭവിയ്ക്കുന്ന അപകട മരണത്തിന് ആശ്രിതർക്ക് സാമ്പത്തിക സഹായം ലഭിയ്ക്കുന്നതിനായി സർക്കാരിന്റെ 25.01.2021-ലെ നം.എഫ്2/12/2020-ആഭ്യന്തരം പ്രകാരമുള്ള (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ബന്ധപ്പെടുകയും സംസ്ഥാനത്ത് പോലീസ്, ഫയർ ആന്റ് റെസ്ക്യു

...2)

സർവ്വീസസ് എന്നീ വകുപ്പുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്ന ഹോം ഗാർഡുകൾക്ക് 48/-രൂപ നിരക്കിൽ 48 x 5 = 240 രൂപ ക്രമത്തിൽ വാഗ്ദത്ത തുകയായി അഞ്ച് ലക്ഷം രൂപ ലഭിക്കുന്ന വിധത്തിൽ രക്ഷാ പ്രവർത്തനത്തിനിടെ സംഭവിയ്ക്കുന്ന അപകടമരണത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കും പ്രകാരം ഹോംഗാർഡുകളെ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നേരിട്ട് നടത്തുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പോളിസി (ജി.പി.എ) സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

<u>3) യൂണിഫോം അലവൻസ് പരിഷ്കരിക്കുക</u>

ഹോംഗാർഡ് ജീവനക്കാരുടെ പ്രതിവർഷ യൂണിഫോം അലവൻസ് 1,000/-രൂപയിൽ നിന്ന് 1,500/-രൂപയായി വർദ്ധിപ്പിച്ച് സർക്കാർ 01.07.2021 ൽ ഉത്തരവായിട്ടുണ്ട്. (സർക്കാർ ഉത്തരവ് (ആർ.ടി)നം.1847/2021/ആഭ്യന്തരം, തീയതി : 01.07.2021) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

<u>4) പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുക.</u>

കേന്ദ്ര സേനയിലോ സംസ്ഥാന സേനയിലോ സേവനം അനുഷ്ടിച്ച് വിരമിച്ചവരിൽ കായികക്ഷമതയുള്ളവരെയാണ് നിലവിൽ ദിവസവേതനത്തിൽ ഹോംഗാർഡായി നിയമിയ്ക്കുന്നത്. ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിയ്ക്കുന്നവരാകയാൽ ഹോംഗാർഡുകൾക്ക് പ്രോവിഡന്റ്ഫണ്ട്, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നിലവിൽ വ്യവസ്ഥയില്ല എന്ന് അറിയിയ്ക്കുന്നു. ഇക്കാര്യത്തിൽ സർക്കാരിന് ഉചിത തീരുമാനം എടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ(ടെക്നിക്കൽ),
ഡയറക്ടർ ജനറലിനുവേണ്ടി.